## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4845 04/07/2012 ൽ മറുപടിക്ക്

## <u>പി.എസ്.സി. ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ ഫലം</u>

| <u>ചോദ്യം:</u> | ഉത്തരം: |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2012 ജനുവരിയിൽ പി.എസ്.സി. നടത്തിയ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ ഫലം പുറത്തുവന്നപ്പോൾ ചില ജീവനക്കാരുടെ പരീക്ഷാഫലം തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിസ്സാര തെറ്റുകൾ ചൂണ്ടിക്കാട്ടി ഫലം തടഞ്ഞുവച്ചിരിക്കുന്നത് പ്രൊമോഷനും മറ്റും കാത്തിരിക്കുന്ന ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത ജീവനക്കാരുടെ പരീക്ഷാഫലം പുറത്തുവിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) പരീക്ഷാസമയത്ത് ന്യൂനതയുള്ള ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടുള്ള പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവെച്ചിരുന്നു. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ പരീക്ഷാർത്ഥികളുടെയും, സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥന്റേയും കൈയ്യൊപ്പ് ഇല്ലാത്തവരൊഴികെ ബാക്കി എല്ലാവരുടെയും ഫലങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (സി) 2012 ജനുവരിക്ക് മുമ്പ് നടന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷകളുടെ ഫലം ഇപ്രകാരം തടഞ്ഞുവച്ചിരിന്നുവോ; വിശദമാക്കുമോ? | (സി) 2011 ജനുവരി, ജൂലൈ എന്നീ പരീക്ഷകളിലും ന്യൂനതയുള്ള ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചവരുടെ ഫലം തടഞ്ഞുവെക്കുകയും ന്യൂനത പരിഹരിച്ചതിനുശേഷം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ